ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:19.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ.

   **The all-party meeting called by the Union government ahead of the monsoon session of Parliament will be held tomorrow.**

2. രാജ്യത്തെ ചെറിയ സംസ്ഥാനങ്ങളുടെ വികസനത്തിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says that the government is paying special attention to the development of small states in the country.**

3. ബില്ലുകളിന്മേൽ തീരുമാനം എടുക്കാൻ സമയപരിധി നിശ്ചയിച്ചുള്ള വിധിയുമായി ബന്ധപ്പെട്ട് രാഷ്ട്രപതി നൽകിയ റഫറൻസ് സുപ്രീം കോടതി ചൊവ്വാഴ്ച പരിഗണിക്കും.

   **The Supreme Court will hear the reference made by the President regarding the deadline for granting assent to bills on Tuesday.**

4. ഇന്ത്യയും യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടനയും തമ്മിലുള്ള വ്യാപാര പങ്കാളിത്ത കരാർ ഒക്ടോബർ ഒന്നിന് നിലവിൽ വരുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   **Union Minister Piyush Goyal says that the trade partnership agreement between India and the European Free Trade Association will come into effect on October 1.**

5. രാജ്യത്ത് സ്ത്രീകൾ നേതൃത്വം നൽകുന്ന സ്റ്റാർട്ടപ്പുകൾ വർദ്ധിച്ചുവരുന്നതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്.

Union Minister Jitendra Singh says that women-led startups are increasing in the country.

6. കേരളത്തിൽ അതിശക്ത മഴ തുടരുന്നു. മലയോര മേഖലകളിൽ കർശന ജാഗ്രത. വടക്കൻ ജില്ലകളിൽ മഴക്കെടുതി രൂക്ഷം.

Heavy rains continue in Kerala. Hilly areas under high alert. Severe damages due to rain in northern districts.

&&&&&&&&&&&&&&&&&

## HEAD LINE – 1

## GOVT-ALL PARTY MEETING

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടാനാണ് യോഗം വിളിച്ചത്. തിങ്കളാഴ്ച ആരംഭിക്കുന്ന സമ്മേളനം അടുത്ത മാസം 21 വരെ നീളും. വർഷകാലസമ്മേളനത്തിൽ നിരവധി സുപ്രധാന നിയമനിർമാണങ്ങളും ചർച്ചകളും നടക്കും.

&&&&&&&&&&&&&&&&&

## HEAD LINE – 2

## SHAH UTTARAKHAND (INTRO)

ഉത്തരാഖണ്ഡ് സർക്കാർ നടപ്പാക്കുന്ന 1271 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും തറക്കല്ലിടലും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിർവഹിച്ചു. ഉത്തരാഖണ്ഡ് പോലുള്ള ചെറിയ സംസ്ഥാനങ്ങളുടെയും, കിഴക്കൻ സംസ്ഥാനങ്ങളുടെയും വികസനത്തിന് കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. രുദ്രപൂരിൽ നടന്ന 'ഉത്തരാഖണ്ഡ് നിക്ഷേപോത്സവം' പരിപാടിയിലും ശ്രീ. ഷാ പങ്കെടുത്തു. ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾ ആർജിക്കുന്നതിലൂടെ 81,000ത്തിലധികം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുമെന്ന് ശ്രീ. അമിത് ഷാ പറഞ്ഞു. (ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**REV. UP-YOUTH SPIRITUAL SUMMIT**

വികസിതഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് രാജ്യത്തെ ലഹരിമുക്തമാക്കേണ്ടതിന്റെ പ്രാധാന്യം അടിവരയിട്ട് കേന്ദ്ര യുവജനകാര്യ കായിക മന്ത്രിമൻസൂഖ് മാണ്ഡവ്യ. ഉത്തർ പ്രദേശിലെ വാരാണസിയിൽ ആരംഭിച്ച, യുവ ആത്മീയ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്രനിർമാണത്തിൽ പങ്കാളികളാകാനും, ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമാകാനും അദ്ദേഹം ആഹ്വാനം ചെയ്തു. 'വികസിത ഭാരതത്തിനായി യുവാക്കളെ ലഹരിയിൽ നിന്ന് മോചിപ്പിക്കാം' എന്ന പ്രമേയത്തിൽ, കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയമാണ് ആത്മീയ ഉച്ചകോടി സംഘടിപ്പിക്കുന്നത്. മയക്കുമരുന്ന് രഹിത ഇന്ത്യക്കായുള്ള സമഗ്ര കർമ്മ പദ്ധതി അവതരിപ്പിക്കുന്ന കാശി പ്രഖ്യാപനത്തോടെ ഉച്ചകോടി നാളെ സമാപിക്കും.

&&&&&&&&&&&&&&&&&&

**NEW. TELANGANA-MIB-IIT**

വികസിത ഭാരതത്തിനായുള്ള സാങ്കേതിക അടിത്തറ അതിവേഗം സജ്ജമാക്കിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഹൈദരാബാദ് ഐ.ഐ.ടി.യിൽ നടന്ന ഒരു ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലോകോത്തര സാങ്കേതിത വിദ്യകളും ഉത്പന്നങ്ങളും വിഭാവനം ചെയ്യാൻ വിദ്യാർത്ഥികളോട് ശ്രീ. അശ്വിനി വൈഷ്ണവ് ആവശ്യപ്പെട്ടു. 2027 ഓടെ രാജ്യത്തെ ആദ്യ ബുള്ളറ്റ് ട്രെയിൻ പുറത്തിറക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HEAD LINE – 4**

**PIYUSH GOYAL- TRADE PACT (INTRO)**

ഇന്ത്യയും യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടനയും തമ്മിലുള്ള വ്യാപാര പങ്കാളിത്ത കരാർ ഒക്ടോബർ ഒന്നിന് നിലവിൽ വരുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ. ഒരു ദശലക്ഷത്തോളം തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)
ഐസ് ലാൻഡ്, നോർവേ, സ്വിട്സർലാൻഡ്, ലിക്റ്റൻസ്റ്റൈൻ എന്നീ രാജ്യങ്ങൾ അടങ്ങിയതാണ് യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടന. കഴിഞ്ഞ വർഷം മാർച്ച് പത്തിനാണ് TEPA കരാറിൽ ഇന്ത്യയും, ഈ രാജ്യങ്ങളും ഒപ്പുവച്ചത്. ഇന്ത്യയിൽ 100 ശതകോടി ഡോളർ നിക്ഷേപം സംഘടനയിലെ അംഗരാജ്യങ്ങൾ നടത്തും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## PRESIDENT'S REFERENCE

ബില്ലുകളിന്മേൽ നടപടി എടുക്കാൻ സമയപരിധി നിശ്ചയിച്ചുള്ള സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട് രാഷ്ട്രപതി നൽകിയ റഫറൻസ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് അടങ്ങിയ ഭരണഘടന ബെഞ്ച് ചൊവ്വാഴ്ച പരിഗണിക്കും. പതിനാല് ചോദ്യങ്ങളിൽ വ്യക്തത ആരാഞ്ഞ് ഉള്ളതാണ് രാഷ്ട്രപതിയുടെ റെഫെറൻസ്. തമിഴ്നാട് ഗവർണറുമായി ബന്ധപ്പെട്ട കേസിൽ, രാഷ്ട്രപതി, ഗവർണർ തുടങ്ങിയവർക്ക് ബില്ലുകളിന്മേൽ നടപടി എടുക്കാൻ സമയപരിധി നിശ്ചയിച്ച് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്നാണ് രാഷ്ട്രപതി സുപ്രീം കോടതിയിലേക്ക് അനുഛേദം 143 പ്രകാരം റഫറൻസ് നടത്തിയത്.

&&&&&&&&&&&&&&&&&&

## DHARMENDRA PRADAN - PALAKKAD

2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കണമെന്നും സാങ്കേതികവിദ്യയിലും നൂതനാശയത്തിലും നാം സ്വയംപര്യാപ്തരാകണമെന്നും കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. പാലക്കാട് ഐ ഐ റ്റി യിൽ ഏഴാമത് ബിരുദദാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പത്ത് വർഷത്തെ കാലയളവിനുള്ളിൽ, അക്കാദമിക് മികവ്, ഗവേഷണം, നൂതനാശയം, സംരംഭകത്വം എന്നിവയുടെ

മികച്ച കേന്ദ്രമായി പാലക്കാട് ഐ ഐ റ്റി പരിണമിച്ചുവെന്നും ശ്രീ ധർമ്മേന്ദ്ര പ്രധാൻ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## KAZIPET-RAIL MANUFACTURING UNIT

തെലങ്കാനയിലെ കാസിപേട്ടിൽ സജ്ജമാക്കുന്ന റെയിൽ നിർമ്മാണശാല അടുത്ത വർഷം മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വനി വൈഷ്ണവ്. കേന്ദ്ര മന്ത്രി ജി കിഷൻ റെഡ്ഡിയോടൊപ്പം പദ്ധതി അവലോകനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ട്രെയിൻ എൻജിനുകൾ, കോച്ച്, വാഗൻ, മെട്രോ കോച്ചുകൾ തുടങ്ങിയവയുടെ നിർമാണം ഇവിടെ ഘട്ടം ഘട്ടമായി ആരംഭിക്കും. രാജ്യത്തെ തന്നെ ഏറ്റവും വലിയ റയിൽ നിർമ്മാണ ശാലകളിൽ ഒന്നായി കാസിപേട്ട് മാറുമെന്നും ശ്രീ. അശ്വനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## JITENDRA SINGH- STARTUP

രാജ്യത്തെ 76,000 ഓളം സ്റ്റാർട്ടപ്പുകൾ സ്ത്രീകളുടെ നേതൃത്വത്തിലാണ് ഉള്ളതെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിങ്. ബിഹാറിലെ പട്നയിൽ ഒരു യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഈ സ്റ്റാർട്ടപ്പുകളിൽ വലിയൊരു പങ്കും ചെറിയ നഗരങ്ങളിലാണ് ഉള്ളത്. ദരിദ്രർ, കർഷകർ, യുവാക്കൾ, സ്ത്രീകൾ എന്നിവരെ കേന്ദ്രീകരിച്ചാണ് കഴിഞ്ഞ 11 വർഷമായി സർക്കാർ ഭരണനിർവ്വഹണം നടത്തിയത്. സ്ത്രീ കേന്ദ്രീകൃത ഭരണം, വ്യക്തികളെ മാത്രമല്ല, സമൂഹത്തെയും പുനർനിർമ്മിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## WEATHER - KERALA

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ

ചുവപ്പ് ജാഗ്രതയാണ്. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണമായി ഒഴിവാക്കണമെന്നും, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&

## KANNUR RAIN (INTRO)

കണ്ണൂരിൽ മഴ തുടരുന്നു. മലയോര പ്രദേശങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയാണ് പെയ്യുന്നത്. ജില്ലയിൽ മഴക്കെടുതിയും രൂക്ഷമാണ്.

**കൂടുതൽ വിവര ങ്ങളുമായി ആകാശവാണി ക ണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**
**(വോയ്സ്)**

&&&&&&&&&&&&&&&&&

## HIGH TIDE – ALERT

സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 22 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. 22വരെ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&

## THEVALAKKARA – MIDHUN

കൊല്ലം തേവലക്കരയിൽ സ്കൂളിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുൻറെ സംസ്കാരം വീട്ടുവളപ്പിൽ നടന്നു. തേവലക്കര സ്കൂളിൽ പൊതു ദർശനത്തിനു വച്ച മൃതദേഹത്തിൽ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. വീട്ടിലും മിഥുന് അന്തിമോപചാരമർപ്പിക്കാൻ നിരവധി പേരാണ് എത്തിയത്.

&&&&&&&&&&&&&&&&&

## MINISTER KRISHNANKUTTI

സംസ്ഥാനത്തെ എല്ലാ വൈദ്യുതി ലൈനുകളുടെയും സുരക്ഷാ പരിശോധന സമയ ബന്ധിതമായി നടത്താൻ വൈദ്യുത മന്ത്രി കെ കൃഷ്ണൻ കുട്ടി നിർദ്ദേശം നൽകി. വൈദ്യുതി ലൈനുകളുടെ സുരക്ഷാ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും മന്ത്രി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## V. SIVANKUTTY

തേവലക്കര അപകടത്തിൽ ശക്തമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകിയതായി മന്ത്രി വി ശിവൻകുട്ടി. എവിടെയെങ്കിലും ഇത്തരത്തിൽ അപകടപരമായ രീതിയിൽ വൈദ്യതികമ്പികൾ ഉണ്ടെങ്കിൽ അടിയന്തിരമായി നടപടി എടുക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## ELECTION COMMISSION

തദ്ദേശസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് ഈ മാസം 23 നും അന്തിമപട്ടിക അടുത്ത മാസം 30 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. 2025 ലെ പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിശദീകരിക്കുന്നതിനായി തിരുവനന്തപുരത്ത് നടത്തിയ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ. ത്രിതലപഞ്ചായത്തുകളിലും നഗരസഭകളിലും വോട്ടെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന അടുത്ത മാസം 25 നകം പൂർത്തിയാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## CEASE FIRE

ഇസ്രയേൽ വ്യോമാക്രമണം ആരംഭിച്ചതിന് പിന്നാലെ സിറിയയും ഇസ്രയേലും വെടിനിർത്തലിന് സമ്മതിച്ചു. അറബ് മതന്യൂനപക്ഷമായ ഡ്രൂസ് സമൂഹത്തെ സംരക്ഷിക്കുന്നതിനാണ് സിറിയയുടെ ഈ തീരുമാനമെന്ന് തുർക്കിയിലെ യുഎസ് അംബാസഡർ ടോം ബരാക് പറഞ്ഞു .

അതേസമയം, സിറിയയിലെ ഏറ്റുമുട്ടലുകൾ മേഖലയ്ക്ക് മുഴുവൻ ഭീഷണിയാകുമെന്ന് ആശങ്ക പ്രകടിപ്പിച്ച് തുർക്കി പ്രസിഡന്റ് റജബ് തയ്യിബ് എർദോഗൻ ഇന്നലെ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഫോൺ സംഭാഷണം നടത്തി.

&&&&&&&&&&&&&&&&&

## IMD - WEATHER

രാജസ്ഥാൻ, മധ്യപ്രദേശ്, അസം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലും ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും അടുത്ത ഒരാഴ്ച ഇടിമിന്നലോടുകൂടിയ മഴയുണ്ടാകുമെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&&&&